പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2048 **26-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ ഒഴിവുകൾ നികത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ സ്റ്റാഫിന്റെ കുറവ് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. PSC/Employment Exchange മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിൽ നികത്താനുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അധ്യാപക തസ്തികകൾ:

അസിസ്റ്റന്റ് പ്രൊഫസർ (കായചികിത്സ വകുപ്പ് - 1, ക്രിയാശരീര വകുപ്പ് - 1) **ആകെ - 2 ഒഴിവുകൾ.**

നഴ്സിംഗ് ജീവനക്കാർ:

നഴ്സിംഗ് ഓഫീസർ (അലോപ്പതി - പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി)- **ആകെ - 2 ഒഴിവുകൾ.**

കൂടാതെ സാനിറ്റേഷൻ വർക്കർ, പാർട്ട് ടൈം ബാർബർ (2), പാർട്ട് ടൈം സ്വീപ്പർ (1) തസ്തികകളിലെ ഒഴിവുകളും നികത്താനുണ്ട്.

(സി) ഒഴിവുള്ള സ്ഥിരം തസ്തികകളിൽ പി.എസ്.സി വഴിയോ താത്കാലിക വ്യവസ്ഥയിലോ അടിയന്തിരമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഒഴിവുകൾ പി എസ് സി / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

സെക്ഷൻ ഓഫീസർ